"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ 3 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.114/2023/H&FWD തീയതി,തിരുവനന്തപുരം, 12-05-2023

---

പരാമർശം:-
1. 06.08.2021 ലെ സ.ഉ (കൈ) നം. 146/2021/ആ.കു.വ
2. കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.2022, 18.11.2022 എന്നീ തീയതികളിലെ 1115/ഡി/2022/കെസോട്ടോ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്ത് മനുഷ്യാവയവ മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പരാമർശം (1) പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955 ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലായതിനാൽ, 1994-ലെ മനുഷ്യ അവയവങ്ങൾ മാറ്റിവയ്ക്കൽ നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ, ഒരു ഭരണസംവിധാനം സ്ഥാപിക്കുക, വിവിധ പ്രോട്ടോക്കോളുകൾ വികസിപ്പിക്കുക, ഉചിതമായ അതോറിറ്റിക്കുള്ള ബാക്ക് ഓഫീസ് പിന്തുണ എന്നിങ്ങനെയുള്ള വിവിധ വെല്ലുവിളികൾ സംഘടനയ്ക്ക് നേരിടേണ്ടിവരുന്നതിനാൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവ മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരള സ്റ്റേറ്റ് ഓർഗൻ ആൻറ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തസ്തിക സൃഷ്ടിക്കുന്നതിനും അവരുടെ യോഗ്യത നിശ്ചയിക്കുന്നതിനുമായി പരാമർശം (2) പ്രകാരം കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. ദേശീയ അവയവം മാറ്റിവയ്ക്കൽ പദ്ധതി വഴി തസ്തികകളും ഫണ്ടുകളും ഇതിനകം അനുവദിച്ചിട്ടുള്ളതിനാൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ താഴെപ്പറയുന്ന 3 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ) (കരാർ അടിസ്ഥാനത്തിൽ)
ii. കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ് /ഐഇസി) (കരാർ അടിസ്ഥാനത്തിൽ)
iii. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ദിവസവേതനത്തിൽ).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ &ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1513 തീയതി 10.05.2023).
ധനകാര്യ വകുപ്പ് (05.01.2023 ലെ 2205133-HLT-B1/175/2022-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Raseena R A
Date: 12-05-2023 17:02:41
സെക്ഷൻ ഓഫീസർ

പകർപ്പ്:- ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-05-2023**

ഫയൽ നം. ഹെൽത്ത്-ബി1/26/2021/ഹെൽത്ത്. ഇനം നം: 1513

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

SO(B)
11/5

Scanned with CamScanner

1513

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത് - ബി1/26/2021/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ - കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.04.2023 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി.എം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.04.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.05.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.05.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.05.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

Scanned with CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവ മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ (കെ-സോട്ടോ) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 06.08.2021 ലെ സ.ഉ(കൈ)നം.146/2021/ആ.ക.വ പ്രകാരം, കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ചും അതിനെ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, കെ-സോട്ടോ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.

3. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവ മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ ജീവനക്കാരെ നിയമിക്കുന്നതിനും അവരുടെ യോഗ്യത നിശ്ചയിക്കുന്നതിനുമുള്ള ശിപാർശ K-SOTTO എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. കരാർ നിയമനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും മാർഗനിർദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഈ ജീവനക്കാരെ നിയമിക്കാമെന്നും ശിപാർശ ചെയ്തിരുന്നു. കേരളത്തിൽ മനുഷ്യാവയവ മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പുതുതായി രൂപീകരിച്ച സംഘടനയാണ് കെ-സോട്ടോ. ഇതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലായതിനാൽ, 1994-ലെ മനുഷ്യ അവയവങ്ങൾ മാറ്റിവയ്ക്കൽ നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ, ഒരു ഭരണസംവിധാനം സ്ഥാപിക്കുക, വിവിധ പ്രോട്ടോക്കോളുകൾ വികസിപ്പിക്കുക, ഉചിതമായ അതോറിറ്റിക്കുള്ള ബാക്ക് ഓഫീസ് പിന്തുണ എന്നിങ്ങനെയുള്ള വിവിധ വെല്ലുവിളികൾ സംഘടനയ്ക്ക് നേരിടേണ്ടിവരുന്നുണ്ട്. കേരളത്തിൽ മനുഷ്യാവയവ മാറ്റിവയ്ക്കലിനായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം, സാമൂഹിക അവബോധ പ്രചാരണം, മാധ്യമ ഇടപെടലുകൾ, വെബ് അധിഷ്ഠിത ട്രാൻസ്പ്ലാൻറ് കോ-ഓർഡിനേഷൻ മൊഡ്യൂൾ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ K-SOTTO ആരംഭിച്ചിട്ടുണ്ട്.

Scanned with CamScanner

4. K-SOTTO സൊസൈറ്റിയുടെ ബൈലോയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്, നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാമിന്റെ മാനദണ്ഡങ്ങൾ പാലിച്ച് പുതിയ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതാണ് നല്ലതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലവിൽ ദൈനംദിന ഓഫീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുള്ളത്) തസ്തികൾ മാത്രമാണുള്ളതെന്നും ഇവരുടെ സേവനം ഒഴിവാക്കുവാൻ സാധിക്കുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്. നാഷണൽ ഓർഗൻ ട്രാൻസ് പ്ലാന്റേഷൻ പ്രോഗ്രാം നിർദ്ദേശിക്കുന്ന തസ്തികകൾ സാങ്കേതിക സ്വഭാവമുള്ളവയായതിനാൽ ഓഫീസ് അഡ്മിനിസ്ട്രേഷനേക്കാൾ പ്രോഗ്രാം നിർവ്വഹണ ആവശ്യങ്ങൾക്ക് ഇവരെ ഏറ്റവും നന്നായി ഉപയോഗിക്കാനാകുമെന്നും അറിയിച്ചിട്ടുണ്ട്. ദേശീയ അവയവം മാറ്റിവയ്ക്കൽ പദ്ധതി വഴി തസ്തികകളും ഫണ്ടുകളും ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും അതിനാൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്:-

I. ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ)
II. കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ്/ഐഇസി)
III. ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ (Deceased and live transplant coordination)
IV. പ്രോഗ്രാം അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓഫീസർ.
V. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്.

6. വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"Finance' agrees to create the following 3 posts for K-SOTTO.*

1) Joint Director (Technical) (On contract basis)
2) Consultant (Registry/System Admin/Training Development/IEC) (On contract basis)
3) Driver cum Office Attendant (on daily wages from the Employment Exchange)

*This has the approval of Hon'ble Minister (Finance)"*

Scanned with CamScanner

7. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ 3 തസ്തികകൾ സൃഷ്ടിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ താഴെപ്പറയുന്ന 3 തസ്തികകൾ സൃഷ്ടിക്കാമോ:-

i. ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ) (കരാർ അടിസ്ഥാനത്തിൽ)

ii. കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ്/ഐഇസി) (കരാർ അടിസ്ഥാനത്തിൽ)

iii. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ദിവസവേതനത്തിൽ)

Scanned with CamScanner